കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് -ആസ്തിവികസനം- **കല്പറ്റ** നിയോജകമണ്ഡലം- ആറ് പ്രവൃത്തികൾക്ക്- ഭരണാനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

സ.ഉ(സാധാ)നം:2736/17/തസ്വഭവ    തിരുവനന്തപുരം, തീയതി :07.08.2017

വായന- 1. 06/11/2012- തീയതിയിലെ സ.ഉ (അച്ചടി) 332/12/ധന നമ്പർ സ. ഉത്തരവ്

2. 07/06/2017 തീയതിയിലെ തസ്വഭവ ചീഫ് എൻജിനീയറുടെഡി.ബി5-1344/17/സി.ഇ

3. /തസ്വഭവ(2) നമ്പർ കത്ത്.

**ഉത്തരവ്**

**കല്പറ്റ** നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന **ശ്രീ.സി.കെ.ശശീന്ദ്രൻ** എം.എൽ.എ യുടെ 2016-17 വർഷത്തെ ആസ്തിവികസന പദ്ധതിയിൽ നിന്നും ചുവടെ ചേർത്തിരിക്കുന്ന ആറ് പ്രവൃത്തികൾക്കായി ആകെ അടങ്കൽ തുകയായ **175 ലക്ഷം രൂപയ്ക്ക് (ഒരു കോടി എഴുപത്തഞ്ച് ലക്ഷം രൂപ മാത്രം)** ഭരണാനുമതി ലഭിക്കുന്നതിന് മുകളിൽ രണ്ടാമതായി വായിച്ച കത്ത് പ്രകാരം തദ്ദേശ സ്വയംഭരണവകുപ്പ് ചീഫ് എൻജിനിയർ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ചിരുന്നു.

| **നമ്പർ** | **പ്രോജക്ട് ഐ.ഡി** | **പ്രവർത്തിയുടെ പേര്** | **തുക ലക്ഷത്തിൽ** |
|---|---|---|---|
| 1 | 1917 | തരിയോട് ഗവ.ഹൈസ്കൂൾ കെട്ടിടം - തരിയോട് ഗ്രാമ പഞ്ചായത്ത് | 35 |
| 2 | 1924 | കമ്മ്യൂണിറ്റി ഹാൾ വട്ടുവഞ്ചാൽ വളവ് - മുപ്പൈനാട് ഗ്രാമ പഞ്ചായത്ത് | 25 |
| 3 | 1929 | ചൂരൽമല ഡിസ്പെൻസറി കമ്മ്യൂണിറ്റി ഹാൾ - മേപ്പാട് ഗ്രാമ പഞ്ചായത്ത് | 35 |
| 4 | 2055 | പടിഞ്ഞാറത്തറ ഗവ. എച്ച്.എസ്. എസ് ഓഡിറ്റോറിയം - പടിഞ്ഞാറത്തറ ഗ്രാമ പഞ്ചായത്ത് | 35 |
| 5 | 2604 | ഗവ.എച്ച്.എസ്.എസ്. കാക്കവയൽ ഓപ്പൺ എയർ ഓഡിറ്റോറിയം - മുട്ടിൽ ഗ്രാമ പഞ്ചായത്ത് | 10 |
| 6 | 1922 | കണിയാംപറ്റ ഗവ. യു.പി. സ്കൂൾ കെട്ടിടം - കണിയാംപറ്റ ഗ്രാമ പഞ്ചായത്ത് | 35 |
| | | **ആകെ** | 175 |

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും കല്പറ്റ നിയോജകമണ്ഡലത്തെ പ്രതിനിധികരിക്കുന്ന **ശ്രീ.സി.കെ.ശശീന്ദ്രൻ** എം.എൽ.എ യുടെ 2016-17 വർഷത്തെ ആസ്തിവികസന പദ്ധതിയിൽ നിന്നും മേൽ പരാമർശ്ശിച്ച ആറ് പ്രവൃത്തികൾക്കായി ആകെ അടങ്കൽ തുകയായ 175 ലക്ഷം **ലക്ഷം രൂപയ്ക്ക് (ഒരു കോടി എഴുപത്തഞ്ച് ലക്ഷം രൂപ മാത്രം)** വകുപ്പ് സംബന്ധമായ നടപടിക്രമങ്ങളും മുകളിൽ ഒന്നാമതായി വായിച്ച സർക്കാർ ഉത്തരവും പാലിച്ചുകൊണ്ട്, Lumpsum ഇനത്തിൽ വകയിരുത്തിയിരിക്കുന്ന തുകയുടെ ചെലവുകൾ യഥാർത്ഥ ചെലവുകളുമായി പൊരുത്തപ്പെടേണ്ടതും നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായും ആകേണ്ടതാണ് എന്നും സ്കൂളുകളിലെ നിർമ്മാണ പ്രവൃത്തികൾ പൂർണ്ണമായും KER ചട്ടങ്ങൾ പാലിച്ചുകൊണ്ടാണെന്നുറപ്പ വരുത്താൻ കൂടി നിർദ്ദേശിച്ചു കൊണ്ട്, ഭരണാനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

ആയത് സംബന്ധിച്ച് ചെലവ് **'4515-00-800-96-പ്രോജക്ട്സ് അണ്ടർ എൽ.എ.സി. എ.ഡി. എസ്'** എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**എൻ.വിശ്രുതൻ ആചാരി**
ഗവ.ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണവകുപ്പ് തിരുവനന്തപുരം
സെക്രട്ടറി, തരിയോട് ഗ്രാമപഞ്ചായത്ത്
സെക്രട്ടറി, മുപ്പൈനാട് ഗ്രാമപഞ്ചായത്ത്
സെക്രട്ടറി, മേപ്പാട് ഗ്രാമപഞ്ചായത്ത്
സെക്രട്ടറി, പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത്
സെക്രട്ടറി, മുട്ടിൽ ഗ്രാമപഞ്ചായത്ത്
സെക്രട്ടറി, കണിയാംപറ്റ ഗ്രാമപഞ്ചായത്ത്
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (ജി&എസ്.എസ്.എ),കേരളം തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം. (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ധനകാര്യ വകുപ്പ് (അ.നം.745/എൻ.സി.സി1/2017-ധന തീ.10/07/17)
ത.സ്വ.ഭ.വ(ഒ.എസ്) വകുപ്പ്(ഡി.ബി.2/91/2017/ത.സ്വ.ഭ.വ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ